ബാഹസൻ തങ്ങൾ: നാട്ടിലെ വോട്ടർപട്ടിക ഹൃദിസ്ഥമായ പൊതുപ്രവർത്തകൻ

കൊയിലാണ്ടി: പഴയ കാല മുസ്‌ലിം ലീഗ് നേതാവും പൗര പ്രമുഖനുമായ സയ്യിദ് അബ്ദുറഹിമാൻ ബാഹസ്സൻ തങ്ങളുടെ വിയോഗം പാർട്ടിക്കും നാടിനും തീരാനഷ്ടം. നിശ്ശബ്ദ സേവകനായ തങ്ങൾ സാധാരണക്കാരന്റെ പ്രായസങ്ങൾ കണ്ട് പരിഹാരം കാണുകയും അതിനായി ആരുടെ അടുത്തും പോകാൻ മടിയില്ലാത്ത സാമൂഹിക പ്രവർത്തകനായിരുന്നു. ആദ്യകാലത്തെ മുസ്‌ലിം ലീഗിന്റെ എറ്റവും കിഴ്ഘടകമായ ബാലലീഗിലൂടെയാണ് പാർട്ടിയിലെത്തുന്നത്. സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ, സയ്യിദ് ഉമ്മർ ബാഫഖി തങ്ങൾ എന്നിവരൊടൊപ്പമായിരുന്നു പാർട്ടി പ്രവർത്തനം നടത്തിയത്. ഇവരുടെ നിർബന്ധ പ്രകാരം എംഎസ്എഫ് യൂത്ത് ലീഗ് പഞ്ചായത്ത്, താലൂക്ക് കമ്മിറ്റി,ളിൽ ഭാരവാഹിയുമായി. 1978ൽ കൊയിലാണ്ടി ഗ്രാമപഞ്ചായത്ത് മെമ്പറുമായി. വലിയ ഭൂരിപക്ഷത്തിൽ വിജയിക്കുകയും ചെയ്തിരുന്നു. പിന്നീട് മുനിസിപ്പൽ മുസ്‌ലിം ലീഗ് ട്രഷർ, കൊയിലാണ്ടി സർവീസ് സഹകരണ ബേങ്ക് ഡയരക്ടർ എന്നീ സ്ഥാനങ്ങളും വഹിച്ചു.

കൊയിലാണ്ടി പഞ്ചായത്തിലെ തീരദേശത്തെ വാർഡുകളിലെ വോട്ടർപട്ടിക മനപാഠമാക്കിയ തങ്ങൾ.ആര് വന്ന് പട്ടികയിൽ പേര് ഉണ്ടോ എന്ന് ചോദിച്ചാൽ വീട്ട് നമ്പറും ക്രമ നമ്പറും ബൂത്ത് നമ്പർ വരെയും ഒരു സംശയുവുമില്ലാതെ പറയുമായിരുന്നു. 20 വയസ്സ് മുതൽ തിരഞ്ഞടുപ്പ് സമയത്ത് പാർട്ടിയുടെ പോളിങ് എജന്റായി 2015 ലെ മുനിസിപ്പൽ തിരഞ്ഞടുപ്പ് വരെ തങ്ങളായിരുന്നു. അതിനാൽ തന്നെ വോട്ടർ പട്ടിക കാണപാഠമായിരുന്നു. 1995ൽ കൊയിലാണ്ടി പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയരുകയും. പി. വി മുഹമ്മദ് എംഎൽഎയുടെ നിർബന്ധത്തിന് വഴങ്ങി ടൗൺ വാർഡായ 32ൽ നിന്നാണ് പ്രഥമ നഗരസഭ കൗൺസിൽ അംഗമായി തിരഞ്ഞടുക്കുന്നത്. അഞ്ച് വർഷത്തെ കാലവധിയിൽ വാർഡിൽ നിരവിധി പുതിയ റോഡുകളും,ഫുട്ട് പാത്തുകളും നിർമ്മിച്ചതും.

വിവിധ എരിയകളിൽ തെരുവ് വിളക്കുകളും സ്ഥാപിക്കുകയും ചെയ്തു. കൂടാതെ നൂറുകണക്കിന് പേർക്ക് പെൻഷൻ പാസ്സാക്കിയതും തങ്ങളുടെ കൗൺസിലർ സമയത്തായിരുന്നു. 2021 വരെ കൊയിലാണ്ടി മണ്ഡലം മുസ് ലിം ലീഗ് ഓഫീസ് സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു. ഈ സമയത്തെ എടുത്ത ഹജ്ജ് അപേക്ഷ പൂരിപ്പിക്കുന്നതിൽ തങ്ങൾക്കുള്ള വൈദഗ്ധ്യം മറ്റാർക്കുമില്ല. ചന്ദ്രിക പത്രത്തിന്റെ പ്രചാരകനായും എജന്റെ ഇല്ലാത്ത സ്ഥലങ്ങളിൽ നടന്ന് പോയി ചന്ദ്രിക എത്തിക്കുകയുടെ ചെയ്തിരുന്നു. മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിക്കലി ശിഹാബ് തങ്ങൾ, സംസ്ഥാന യൂത്ത് ലീഗ് പ്രസിഡണ്ട് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ജില്ലാ മുസ്‌ലിം ലീഗ് പ്രസിഡണ്ട് എം.എ റസാക്ക് മാസ്റ്റർ,ജില്ല ജനറൽ സെക്രട്ടറി ടി.ടി ഇസ്മയിൽ,കൊയിലാണ്ടി നഗരസഭ ചെയർപേഴ്സൺ സുധ കിഴക്കേ പാട്ട്,നഗരസഭ വൈസ് ചെയർമാൻ അഡ്വ.കെ സത്യൻ,നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ഇ കെ അജിത്ത്,കെ ഷിജു,മുസ്‌ലിം ലീഗ് മണ്ഡലംപ്രസിഡണ്ട് വി പി ഇബ്രാഹിംകുട്ടി,ജനറൽ സെക്രട്ടറി സി ഹനീഫ മാസ്റ്റർ, പ്രവാസി ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെപി ഇമ്പിച്ചി മമ്മു ഹാജി, ചന്ദ്രിക മാർക്കറ്റിംഗ് മാനേജർ നബീൽ തങ്ങൾ, സൈനുൽ ആബിദീൻ തങ്ങൾ, അലി കൊയിലാണ്ടി,ടി അഷറഫ്,എൻ മുഹമ്മദാജി,കെഎം നജീബ്,എ അസീസ മാസ്റ്റർ,എംഎം ഹംസ,ഫാസിൽ നടേരി,അൻവർ ഈയ്യഞ്ചേരി,സയ്യിദ് ഹുസൈൻ തങ്ങൾ മേൽമുറി,എപിപി തങ്ങൾ തുടങ്ങിയവർ വസതിയിലെത്തി. മയ്യിത്ത് നമസ്കാരത്തിന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നേതൃത്വം നൽകി.



സയ്യിദ് അബ്ദുറഹിമാൻ ബാഹസ്സൻ തങ്ങളുടെ മയ്യിത്ത് നമസ്കാരത്തിന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നേതൃത്വം നൽകുന്നു

നഷ്ടമായത് ലീഗിന്റെ സേവകനെ: പി.കെ.കെ ബാവ

സയ്യിദ് അബ്ദുറഹിമാൻ ബാഹസൻ തങ്ങളുടെ വിയോഗത്തോടെ നാടിന് നഷ്ടമായത് കരുത്തനായ സേവകനെയാണെന്ന് മുസ്‌ലിം ലീഗ് സമുന്നത നേതാവ് പികെ കെ ബാവ പറഞ്ഞു. പഞ്ചായത്ത്,മുനിസപ്പിൽ മെമ്പറായ സമയത്ത് വാർഡിലെയും കൊയിലാണ്ടിയിലെയും വികസനത്തിനന്റെ കാര്യത്തിന് ഓർമ്മിപ്പിക്കുന്ന നല്ലൊരു ജനസേവകനാണ് അദ്ദേഹത്തിന്റെ വിയോഗത്തോടെ നഷ്ടമായതെന്ന് അദ്ദേഹം പറഞ്ഞു.

CENTRE FOR HADHRAMI & DIASPORA STUDIES

Mappila Heritage Library